"ഭരണഭാഷ-മാതൃഭാഷ"

ICDS/A4/1829/2022

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,പൂജപ്പുര,തിരുവനന്തപുരം
തീയതി :17/6/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- **വനിതാ ശിശുവികസന വകുപ്പ്-അന്തർദേശീയ യോഗ ദിനം ആചരിക്കുന്നതിനു ക്രമീകരണങ്ങൾ നടത്തുന്നതിന് -നിർദ്ദേശം നല്കുന്നത് സംബന്ധിച്ച്:-**

സൂചന:- 1. **09/05/2022 ലെ D.O No.15-2/2017-CD-1 നമ്പര് കേന്ദ്ര സർക്കാർ കത്ത്.**
2. **20/05/2022 ലെ WCD-B1/253/2022-WCD നമ്പർ സർക്കാർ കത്ത്.**

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2022 ജൂൺ 21 അന്തർദേശീയ യോഗ ദിനമായി ആചരിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി സൂചന (1) പ്രകാരം അറിയിച്ചിരിക്കുന്നു. വകുപ്പിന് കീഴിൽ വരുന്ന അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങളിലും 2022 ജൂൺ 21 അന്തർദേശീയ യോഗ ദിനമായി ആചരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ആയതിനുള്ള ക്രമീകരണങ്ങള് നടത്തുന്നതിനും സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ വകുപ്പിന്റെ കീഴ് കാര്യാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങളിലും 2022 ജൂൺ 21 അന്തർദേശീയ യോഗ ദിനമായി ആചരിക്കുന്നതിനും അതിനു ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രിന്റ്, ഡിജിറ്റൽ, സാമൂഹ്യ മാധ്യമങ്ങൾ മുഖേന യോഗ ദിനം സംബന്ധിച്ച് വിപുലമായ പ്രചാരണം നല്കുക.

പൊതുജനപങ്കാളിത്തത്തോടെ പ്രതിജ്ഞ ചൊല്ലൽ ,മത്സരങ്ങൾ പ്രശ്നോത്തരികൾ , വീഡിയോ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

യോഗാദിനത്തിൽ അങ്കണവാടിയിൽ നടക്കുന്ന പരിപാടികളിൽ അങ്കണവാടിയിലെ ഗുണഭോക്താക്കളായ കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരെ ഉൾപ്പെടുത്തേണ്ടതാണ്.
അന്തർദേശീയ യോഗ ദിനത്തിൽ പങ്കെടുക്കുന്നവർ യോഗയുമായി ബന്ധപ്പെട്ട വീഡിയോകൾ കാണുന്നതിനായി ആയുഷ് മന്ത്രാലയത്തിന്റെ yoga.ayush.gov.in എന്ന വെബ് പോർട്ടൽ സന്ദർശിക്കേണ്ടതാണ്.

യോഗ ദിനാചരണം സംബന്ധിച്ചുള്ള Action Taken Report കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതിനാൽ യോഗയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ സഹിതമുള്ള റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടുള്ള പ്രോഫോർമയിൽ (Proforma I - പ്രോഗ്രാം ഓഫീസർ, Proforma II-ജില്ലാ ഓഫീസർ) തയ്യാറാക്കി കീഴ് കാര്യാലയ - ക്ഷേമ സ്ഥാപന മേധാവികൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Geogekumar L

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി

**ഉള്ളടക്കം :- സൂചന (1),(2) പ്രകാരമുള്ള കത്തുകൾ**

# International Day of Yoga-

# Proforma I

| Platforms | പരിപാടികൾ സംഘടിപ്പിച്ച ഐ സി ഡി എസുകളുടെ എണ്ണം | ആകെ നടത്തിയ പരിപാടികളുടെ എണ്ണം | ആകെ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| Print | | | |
| Digital | | | |
| Social Media | | | |
| Pledge | | | |
| Competitions | | | |
| Quizzes | | | |
| Video Contests | | | |
| Awareness Classes | | | |

ഒപ്പ്

പ്രോഗ്രാം ഓഫീസർ

sree

# International Day of Yoga-

# Proforma II

| ക്രമ നം | പരിപാടി നടത്തിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ | നടത്തിയ പരിപാടിയുടെ വിവരങ്ങൾ (സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ ഉൾപ്പടെ) |
|---|---|---|
| | | |
| | | |
| | | |

ഒപ്പ്

ജില്ലാ വനിത ശിശുവികസന ഓഫീസർ

sree